# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3208 | 07.11.2019-ന് മറുപടിയ്ക്ക് |
|---|---|

## റാന്നി വലിയപാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ രാജു എബ്രഹാം | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | നിർമ്മാണത്തിലിരിക്കുന്ന റാന്നി വലിയപാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ; | (എ) | പത്തനംതിട്ട ജില്ലയിൽ പമ്പാ നദിക്കു കുറുകെ റാന്നിയിൽ നിലവിലുള്ള പാലത്തിന് സമീപത്ത് പുതിയപാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും 31/10/2019-ലെ സ.ഉ (സാധാ) നം.3120/2019/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 5% കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റ്, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |
| (ബി) | ഇതിനായി എത്ര സ്വകാര്യവ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടിവരും എന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | എത്ര സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്ന വിവരം സംയുക്ത പരിശോധന പൂർത്തിയായതിനുശേഷം മാത്രമേ വ്യക്തമാകുകയുള്ളൂ. |
| (സി) | വസ്തു ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാര ത്തുക നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. എൽ.എ.ആർ.ആർ ആക്റ്റ്, 2013-ലെ ഷെഡ്യൂൾ (1) പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. |
| (ഡി) | പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പ്തന്നെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പ്തന്നെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ